# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ. 126/2025** **തിരുവനന്തപുരം, തീയതി: 11.06.2025**

# പത്രക്കുറിപ്പ്

## കേരളസർവകലാശാലയിൽ 2025-26 അധ്യയന വർഷത്തേക്കുള്ള ബിരുദ (FYUGP), ബിരുദാനന്തര ബിരുദ, ബിഎഡ് പ്രവേശന നടപടികൾ ആരംഭിച്ചു

## നാല് വർഷ ബിരുദം (FYUGP)

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ്/സ്വാശ്രയ/യു.ഐ.റ്റി./ഐ.എച്ച്.ആർ.ഡി. കോളേജുകളിലെ 2025-26 അധ്യയന വർഷത്തിലെ നാല് വർഷ (3+1) ബിരുദ കോഴ്സുകളുടെ ഏകജാലക സംവിധാനം വഴിയുള്ള പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. 2025 ജൂൺ 15 വരെ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. രജിസ്ട്രേഷനായി സർവകലാശാല അഡ്മിഷൻ വെബ്സൈറ്റ് (https://admissions.keralauniversity.ac.in/fyugp2025) സന്ദർശിക്കുക. നാല് വർഷ ബിരുദ പ്രോഗ്രാമുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് പ്രസ്തുത പ്രോഗ്രാം പൂർത്തിയാക്കുവാൻ 3 ഓപ്ഷനുകൾ ലഭ്യമാണ്.

### 1) മൂന്ന് വർഷ ബിരുദം (3-year UG Degree) :

പ്രവേശനം നേടി മൂന്നാം വർഷം കോഴ്സ് പൂർത്തിയാക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് എക്സിറ്റ് ഓപ്ഷൻ ഉപയോഗപ്പെടുത്താവുന്നതാണ്. പ്രസ്തുത വിദ്യാർത്ഥികൾക്ക് തന്റെ മേജർ വിഷയങ്ങളുടെ അടിസ്ഥാനത്തിൽ (വിജയകരമായി പൂർത്തിയാക്കുന്നവർക്ക്) 3 വർഷ ബിരുദം (3-year UG Degree) ലഭിക്കുന്നതാണ്.

### 2) നാലുവർഷബിരുദം (ഓണേഴ്സ്): (4-year UG Degree (Honors)):

നാല് വർഷം വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് ഓണേഴ്സ് ബിരുദം ലഭിക്കുന്നതാണ്.

### 3) നാല് വർഷ ബിരുദം (ഓണേഴ്സ് വിത്ത് റിസർച്ച്):

ഗവേഷണ മേഖലയിൽ താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് 4-year UG Degree (Honors with Research) തിരഞ്ഞെടുക്കാവുന്നതാണ്. വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് ഓണേഴ്സ് വിത്ത് റിസർച്ച് ഡിഗ്രി ലഭിക്കുന്നതാണ്.

കേരളസർവകലാശാലയുടെ കീഴിൽ പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും (General/Reservation/Management/Sports quota/PWD/Transgender/TLM/Lakshadweep ഉൾപ്പെടെ) ഏകജാലക സംവിധാനം വഴി അപേക്ഷ സമർപ്പിക്കേണ്ടതാണ്. രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് പരമാവധി 20 ഓപ്ഷനുകൾ വരെ നൽകാവുന്നതാണ്. ഏകജാലക സംവിധാനത്തിലുള്ള എല്ലാ ഫീസുകളും ഓൺലൈൻ മുഖാന്തിരം അടക്കേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ ഫീസ് 900/- (SC/ST വിഭാഗത്തിന് 500/- ) രൂപയാണ്. അഡ്മിഷൻ സംബന്ധിച്ചുള്ള അതാതു സമയങ്ങളിലെ വിവരങ്ങൾക്ക് സർവകലാശാല പത്രകുറിപ്പുകളും അഡ്മിഷൻ വെബ്സൈറ്റും ശ്രദ്ധിക്കേണ്ടതാണ്. (https://admissions.keralauniversity.ac.in/fyugp). ഹെൽപ്പ്ലൈൻ നമ്പർ : 8281883052 (Whatsapp also), Email id: ach@keralauniversity.ac.in.

## ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം 2025

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ്/സ്വാശ്രയ/യു.ഐ.റ്റി./ഐ.എച്ച്.ആർ.ഡി. കോളേജുകളിലെ 57 ൽപ്പരം ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്ക് ഏകജാലക സംവിധാനം വഴിയുള്ള പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. 2025 ജൂൺ 20 വരെ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. ആയതിലേക്കായി സർവകലാശാല അഡ്മിഷൻ വെബ്സൈറ്റ് (https://admissions.keralauniversity.ac.in/pg2025) സന്ദർശിക്കുക. എല്ലാ കോളേജുകളിലേയും മെറിറ്റ് സീറ്റുകളിലേക്കും മറ്റ് സംവരണ സീറ്റുകളിലേക്കും ഏകജാലക സംവിധാനം വഴിയായിരിക്കും അലോട്ട്മെന്റ്. കേരളസർവകലാശാലയുടെ കീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ ബിരുദാനന്തര ബിരുദ പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും (മാനേജ്മെന്റ് ക്വാട്ട, സ്പോർട്സ് ക്വാട്ട, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡർ, ലക്ഷദ്വീപ് നിവാസികൾ ഉൾപ്പെടെ) ഏകജാലക സംവിധാനം വഴി അപേക്ഷ സമർപ്പിച്ചിരിക്കണം. രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് പരമാവധി 20 ഓപ്ഷനുകൾ വരെ നൽകാവുന്നതാണ്. പരാതിരഹിതമായ ഓൺലൈൻ രജിസ്ട്രേഷൻ ലക്ഷ്യമിടുന്നതിനാൽ വിദ്യാർത്ഥികൾ അതീവ ശ്രദ്ധയോടെയും കൃത്യതയോടെയും രജിസ്ട്രേഷൻ നടപടികൾ (മാർക്ക് എൻട്രി) ഉൾപ്പെടെ പൂർത്തിയാക്കേണ്ടതാണ്. രജിസ്ട്രേഷൻ സമയത്ത് നൽകുന്ന മൊബൈൽ ഫോൺ നമ്പർ പ്രവേശന നടപടികൾ അവസാനിക്കുന്നത് വരെ ഒരുകാരണവശാലും മാറ്റരുത്.
ഏകജാലക സംവിധാനത്തിലുള്ള എല്ലാ ഫീസുകളും ഓൺലൈൻ വഴി മാത്രം അടക്കേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ ചെയ്തതിനുശേഷം അപേക്ഷയുടെ പ്രിന്റ് ഔട്ട് കോളേജുകളിലേക്കോ സർവകലാശാലയിലേക്കോ അയക്കേണ്ടതില്ല. അപേക്ഷയുടെ പ്രിന്റ് ഔട്ടും ഫീസടച്ചതിന്റെ രസീതും പ്രവേശന സമയത്ത് അതാത് കോളേജുകളിൽ ഹാജരാക്കേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ ഫീസ് 1000/- (SC/ST വിഭാഗത്തിന് 550/-) രൂപയാണ്. സംശയനിവാരണത്തിന് എല്ലാ പ്രവർത്തി ദിവസങ്ങളിലും 8281883052 (WhatsApp also) എന്ന ഹെൽപ്പ്ലൈൻ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്. പ്രോസ്പെക്ടസ് വായിച്ചതിന് ശേഷം മാത്രം ഓൺലൈൻ രജിസ്ട്രേഷൻ നടപടികളിലേക്ക്കടക്കുക.

## ഒന്നാം വർഷ ബിഎഡ് പ്രവേശനം - 2025

കേരളസർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ്/ സ്വാശ്രയ/കെ.യു.സി.റ്റി.ഇ കോളേജുകളിലേക്കുള്ള 2025-26 അധ്യയന വർഷത്തിലെ ബിഎഡ് കോഴ്സുകളുടെ ഏകജാലക സംവിധാനം വഴിയുള്ള പ്രവേശനത്തിന് അപേക്ഷ 2025 ജൂൺ 10 ന് വൈകുന്നേരം 5 മണി മുതൽ ആരംഭിച്ചു.

കേരളസർവകലാശാലയുടെ കീഴിൽ പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും (General/Reservation/Management/Sports quota/PWD/Transgender/ TLM/ Lakshadweep ഉൾപ്പെടെ) ഏകജാലക സംവിധാനം വഴി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ 2025 ജൂൺ 10 ന് വൈകുന്നേരം 5 മണി മുതൽ ആരംഭിക്കുന്നതും 2025 ജൂൺ 22 ന് അവസാനിക്കുന്നതുമാണ്. ഓൺലൈൻ രജിസ്ട്രേഷന്റെ അവസാന തീയതി വരെ അപേക്ഷയിലെ തെറ്റുകൾ തിരുത്താവുന്നതാണ്. വിദ്യാർത്ഥികൾക്ക് 20 ഓപ്ഷൻ വരെ സെലക്ട് ചെയ്യാവുന്നതാണ്. പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളും പ്രോഗ്രാമുകളും മാത്രം മുൻഗണനക്രമത്തിൽ തെരഞ്ഞെടുക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ ചെയ്തതിനുശേഷം അപേക്ഷയുടെ പ്രിന്റ് ഔട്ട് കോളേജുകളിലേക്കോ സർവകലാശാലയിലേക്കോ അയക്കേണ്ടതില്ല. അപേക്ഷയുടെ പ്രിന്റ് ഔട്ടും ഫീസടച്ചതിന്റെ രസീതും പ്രവേശന സമയത്ത് അതാത് കോളേജുകളിൽ ഹാജരാക്കേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ ഫീസ് 1000/- (SC/ST വിഭാഗത്തിന് 550/-) രൂപയാണ്. ഏകജാലക സംവിധാനത്തിലുള്ള എല്ലാ ഫീസുകളും ഓൺലൈൻ മുഖാന്തിരം അടക്കേണ്ടതാണ്. ഡി.ഡി, ചെക്ക്, മറ്റു ചെലാനുകൾ തുടങ്ങിയവ മുഖേനയുള്ള പേയ്മെന്റുകൾ സ്വീകരിക്കുകയോ റീഫണ്ട് ചെയ്യുകയോ ചെയ്യുന്നതല്ല. ഫീസ് അടച്ച രസീത് നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. തെറ്റായി ഒടുക്കുന്ന ഫീസുകൾ റീഫണ്ട് ചെയ്യപ്പെടുന്നതല്ല. അഡ്മിഷൻ സംബന്ധിച്ചുള്ള അതാതു സമയങ്ങളിലെ വിവരങ്ങൾക്ക് സർവകലാശാല പത്രകുറിപ്പുകളും അഡ്മിഷൻ വെബ്സൈറ്റും (https://admissions.keralauniversity.ac.in/bed2025) ശ്രദ്ധിക്കേണ്ടതാണ്. ഹെൽപ്പ്ലൈൻ നമ്പർ: 8281883053 (Whatsapp also), ഇ-മെയിൽ: bedadmission@keralauniversity.ac.in.

(പ്രത്യേകകുറിപ്പ്: എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കാനുള്ളത്)

## ഒന്നാം വർഷ ബിരുദ പ്രവേശനം (FYUGP) 2025-26
## പുതിയ കോഴ്സുകൾ ഉൾപ്പെടുത്തിയിരിക്കുന്നു

കേരളസർവകലാശാലയുടെ നാല് വർഷ ബിരുദ (FYUGP) പ്രവേശനത്തിനുള്ള അഡ്മിഷൻ പോർട്ടലിൽ നിലവിലുള്ള കോളേജുകൾ/കോഴ്സുകൾക്ക് പുറമെ ഗ്രേസ് ഇന്റർനാഷണൽ അക്കാദമി പുനലൂരിൽ ബിഎസ്സി സൈക്കോളജി, ബികോം ഫിനാൻസ് എന്നീ കോഴ്സുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അപേക്ഷ സമർപ്പിക്കുന്നതി ലേക്കുള്ള അവസാന തീയതിയായ 2025 ജൂൺ 15 വരെ കോളേജ്/ കോഴ്സ് ഓപ്ഷനുകൾ നൽകാവുന്നതാണ്/പുനഃക്രമീകരിക്കാവുന്നതാണ്. ആയതിലേക്ക് സർവകലാശാല വെബ്സൈറ്റ് സന്ദർശിക്കുക. (https://admissions.keralauniversity.ac.in/fyugp2025).

## പരീക്ഷാഫലം

കേരളസർവകലാശാല 2024 ഏപ്രിലിൽ നടത്തിയ ഒന്നാം സെമസ്റ്റർ എംഎസ്സി ഫിസിക്സ് (മേഴ്സിചാൻസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് **exams.keralauniversity.ac.in** മുഖേന 2025 ജൂൺ 20 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ **www.keralauniversity.ac.in**.

കേരളസർവകലാശാല 2024 ഏപ്രിലിൽ നടത്തിയ ഒന്നാം സെമസ്റ്റർ എംഎ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ & എംഎസ്‌സി ബയോടെക്നോളജി (മേഴ്സിചാൻസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് exams.keralauniversity.ac.in മുഖേന 2025 ജൂൺ 19 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ www.keralauniversity.ac.in.

കേരളസർവകലാശാലയുടെ രണ്ടാം സെമസ്റ്റർ FYUGP ഏപ്രിൽ 2025 (റെഗുലർ - 2024 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പരീക്ഷാഫലം വിദ്യാർത്ഥികളുടെയും കോളേജിന്റെയും SLCM പോർട്ടലിൽ ലഭ്യമാണ്. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനക്കും ഓൺലൈനായി 2025 ജൂൺ 25 വരെ വിദ്യാർത്ഥികളുടെ പോർട്ടൽ വഴി അപേക്ഷിക്കാവുന്നതാണ്.

## പ്രാക്ടിക്കൽ/ഇന്റേൺഷിപ്പ് വൈവവോസി

കേരളസർവകലാശാല 2025 മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ എംഎസ്‌സി കൗൺസിലിങ് സൈക്കോളജി പരീക്ഷയുടെ പ്രാക്ടിക്കൽ 2025 ജൂൺ 20 ന് പ്രസ്തുത കോളേജിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.
www.keralauniversity.ac.in.

കേരളസർവകലാശാല 2025 മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ എംഎസ്‌സി മാത്തമാറ്റിക്സ് പരീക്ഷയുടെ (ന്യൂമറിക്കൽ അനാലിസിസ് വിത്ത് പൈത്തൺ) പ്രാക്ടിക്കൽ 2025 ജൂൺ 16 ന് യൂണിവേഴ്സിറ്റി കോളേജിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. www.keralauniversity.ac.in.

കേരളസർവകലാശാല 2025 മാർച്ചിൽ വിജ്ഞാപനം ചെയ്ത മൂന്നാം സെമസ്റ്റർ എംഎസ്‌സി ബയോടെക്നോളജി പരീക്ഷയുടെ പ്രാക്ടിക്കൽ 2025 ജൂൺ 16 മുതൽ 19 വരെ അതാത് പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. www.keralauniversity.ac.in.

കേരളസർവകലാശാല 2025 മാർച്ചിൽ വിജ്ഞാപനം ചെയ്ത മൂന്നാം സെമസ്റ്റർ എംഎസ്‌സി ഹോം സയൻസ് (ന്യൂട്രീഷൻ ആന്റ് ഡയറ്ററ്റിക്സ്) കോഴ്സിന്റെ ഇന്റേൺഷിപ്പ് വൈവവോസി 2025 ജൂൺ 18 ന് അതാത് പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. www.keralauniversity.ac.in.

## പരീക്ഷാഫീസ്

കേരളസർവകലാശാല 2025 ജൂലൈയിൽ നടത്തുന്ന മൂന്നാം സെമസ്റ്റർ എംഎഡ് (2022 സ്കീം – റെഗുലർ - 2023 അഡ്മിഷൻ, സപ്ലിമെന്ററി - 2022 അഡ്മിഷൻ) (2018 സ്കീം – സപ്ലിമെന്ററി – 2020, 2021 അഡ്മിഷൻ) പരീക്ഷയ്ക്ക് പിഴകൂടാതെ 2025 ജൂൺ 19 വരെയും 150/- രൂപ പിഴയോടെ ജൂൺ 23 വരെയും 400/- രൂപ പിഴയോടെ ജൂൺ 25 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.
www.keralauniversity.ac.in.

## പരീക്ഷ രജിസ്ട്രേഷൻ തീയതി ദീർഘിപ്പിച്ചിരിക്കുന്നു

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ എംഎ/എംഎസ്‌സി/എംകോം/ എംഎസ്ഡബ്ല്യൂ/എംഎംസിജെ/എംഎഎച്ച്ആർഎം/എംറ്റിറ്റിഎം (ന്യൂജെനറേഷൻ

കോഴ്സുകൾ ഉൾപ്പെടെ) (റെഗുലർ - 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2021 – 2022 അഡ്മിഷൻ) ജൂൺ 2025 പരീക്ഷകളുടെ രജിസ്ട്രേഷൻ പിഴകൂടാതെ 2025 ജൂൺ 13 വരെയും 150/- രൂപ പിഴയോടെ ജൂൺ 17 വരെയും 400/- രൂപ പിഴയോടെ ജൂൺ 19 വരെയുമായി ദീർഘിപ്പിച്ചിരിക്കുന്നു. 2025 ജൂൺ 30 മുതൽ ആരംഭിക്കാനിരുന്ന മേൽപ്പറഞ്ഞ പരീക്ഷകൾ 2025 ജൂലൈ 15 മുതൽ ആരംഭിക്കുന്ന രീതിയിൽ പുനഃക്രമീകരിച്ചിരിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

www.keralauniversity.ac.in.

## ടൈംടേബിൾ

കേരളസർവകലാശാല 2025 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബിവോക് ട്രാവൽ ആന്റ് ടൂറിസം (357) ഓൺ ജോബ് ട്രെയിനിംഗ് പരീക്ഷയുടെ പ്രാക്ടിക്കൽ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

www.keralauniversity.ac.in.

## പരീക്ഷാകേന്ദ്രം

കേരളസർവകലാശാല 2025 ജൂൺ 20 ന് നടത്താൻ നിശ്ചയിച്ചിരുന്ന ബികോം പാർട്ട് III ഏപ്രിൽ 2025 പരീക്ഷയുടെ പേപ്പർ VI – ബിസിനസ് സ്റ്റാറ്റിസ്റ്റിക്സ് പരീക്ഷയ്ക്ക് തിരുവനന്തപുരം ഗവൺമെന്റ് കോളേജ് ഫോർ വിമൻസ് പരീക്ഷാകേന്ദ്രമായി തിരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾ തിരുവനന്തപുരം ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിൽ പരീക്ഷ എഴുതേണ്ടതാണ്.

## സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ അറബിക് ടൈപ്പിംഗ്

കേരളസർവകലാശാല അറബി വിഭാഗം നടത്തി വരുന്ന ഹ്രസ്വകാല അറബിക് ടൈപ്പിംഗ് കോഴ്സിലേക്ക് (27 & 28 ബാച്ചുകൾ) അപേക്ഷ ക്ഷണിച്ചു. യോഗ്യത എസ്.എസ്.എൽ.സി./തത്തുല്യം. ഫീസ് : ₹ 3000/-. കാലാവധി : 3 മാസം. അപേക്ഷാഫോം www.arabicku.in ലും, പഠനവകുപ്പ് ഓഫീസിലും ലഭ്യമാണ്. അഡ്മിഷൻ ആഗ്രഹിക്കുന്നവർ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം 2025 ജൂൺ 16 തിങ്കൾ രാവിലെ 10 മണിക്ക് കാര്യവട്ടത്തുള്ള അറബി പഠന വകുപ്പിൽ എത്തിച്ചേരുക. വിശദവിവരങ്ങൾ: 9633812633/04712308846 (ഓഫീസ്).

## സീറ്റൊഴിവ്

കേരളസർവകലാശാല സൈക്കോളജി വിഭാഗം നടത്തുന്ന പി.ജി ഡിപ്ലോമ ഇൻ സൈക്കോളജിക്കൽ കൗൺസിലിങ് കോഴ്സിലേക്ക് എസ്.സി-06, എസ്.ടി-01 ഉൾപ്പെടെ 21 സീറ്റുകളിലേക്ക് ഒഴിവുണ്ട്. കേരളസർവകലാശാല അംഗീകരിച്ച സൈക്കോളജി ബിരുദമാണ് യോഗ്യത. താല്പര്യമുള്ളവർ അസ്സൽ രേഖകളുമായി 2025 ജൂൺ 13 ന് കാര്യവട്ടം ക്യാമ്പസ്സിലെ കേരളസർവകലാശാല സൈക്കോളജി പഠന വകുപ്പിൽ ഹാജരാവുക. വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക : 0471-2308304, ഇ-മെയിൽ: psychology@keralauniversity.ac.in.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

| |
|---|
| *University information is available on* **9188526670, 9188526671, 9188526674, 9188526675**<br>**Whats App No. 8547330240** |